ജനറൽആശുപത്രി.

നം.എ1-4886/2022/ജി.എച്ച്.റ്റി

തിരുവനന്തപുരം.

തീയതി-07/04/2025.

## ലേലം നോട്ടീസ്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വാർഡ്-9-ൽ വെച്ച് അഡ്മിറ്റായി മരണ
പ്പെട്ട രോഗികളിൽ നിന്നും ലഭിച്ചിട്ടുളള അവകാശികൾ ഇല്ലാത്ത സ്വർണ്ണാഭരണങ്ങൾ, ഒരു വർഷ
കാലയളവ് വരെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും, പ്രസ്തുത ആഭരണങ്ങൾ അപ്രൈ
സർ പരിശോധിച്ച് സ്വർണ്ണം, വെളളി, മുക്കുപണ്ടം എന്നിവയായി തരംതിരിച്ച് സാക്ഷ്യപത്രം ലഭിച്ച
തിന്റെ അടിസ്ഥാനത്തിൽ, ആഭരണങ്ങൾ ലേലംചെയ്യുന്നതിന് ജില്ലാമെഡിക്കൽ ആഫീസറുടെ
അനുമതി ലഭിച്ച സാഹചര്യത്തിലും, 22/05/2025-ന് രാവിലെ 11 എ.എം-ന് സൂപ്രണ്ട് ആഫീ
സിൽവച്ച് നടത്തുന്ന പരസ്യലേലത്തിന് തീരുമാനിച്ചിരിക്കുന്നു.

**നിബന്ധനകൾ**

1. ലേലക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ലേല വസ്തു നേരിട്ട് പരിശോധിക്കാവുന്നതാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1500/-രൂപ എച്ച്.ഡി.സി അക്കൗണ്ടിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
3. 21/05/2025 തീയതി ഉച്ചക്ക് 3 മണിവരെ ക്വാട്ട്ചെയ്ത തുകയുടെ 25% തുകക്കുളള ഡി.ഡി അട ക്കം(വെളള പേപറിൽ എഴുതി തയാറാക്കിയ അപേക്ഷ), ക്വട്ടേഷൻ ലേല ചുമതലയുളള ഉദ്യോഗ സ്ഥർ സ്വീകരിക്കുന്നതും ലഭിച്ച ക്വട്ടേഷനുകൾ ലേലസമയം കഴിഞ്ഞാലുടൻ തന്നെ തുറക്കുന്നതു മാണ്.
4. ഏറ്റവും കൂടുതൽ ലേലം/ക്വട്ടേഷൻ ലഭിക്കുന്നയാൾ ആകെ മുതലിന്റെ 18% ജി.എസ്.ടി അന്നേ ദിവസം തന്നെ അടച്ച് രസീത് ആഫീസിൽ ഹാജരാക്കേണ്ടതാണ്.
5. ലേലം അംഗീകരിച്ച് അറിയിപ്പ്കിട്ടി 7 ദിവസത്തിനകം നിയമാനുസൃതമായ നികുതി ഉൾപ്പെടെ യുളള ബാക്കിതുക അടച്ച് ലേല വസ്തു രേഖാമൂലം ഏറ്റുവാങ്ങേണ്ടതാണ്. 7 ദിവസത്തിനകം ബാക്കിതുക അടവാക്കിയിട്ടില്ല എങ്കിൽ ഈ സ്ഥാപനത്തിൽ അടവാക്കിയതുക (ഡി.ഡി-യുടെ 25% ) തിരിച്ച് നൽകുന്നതല്ല. ആയത് ആശുപത്രി വികസന സമിതിയുടെ അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.
6. ലേലം സംബന്ധിച്ച വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ നേരിട്ടു വന്ന് അന്വേഷിക്കാവുന്നതാണ്.
7. അറിയിപ്പ്കിട്ടി 7 ദിവസത്തിനകം ലേല വസ്തു വാങ്ങി, ബാക്കിതുക അടക്കാത്ത പക്ഷം ആയത് മൂലമുണ്ടാകുന്ന എല്ലാ നാശ-നഷ്ടങ്ങൾക്കും ലേലംഉറപ്പിച്ച് നൽകുന്ന വ്യക്തിക്കായിരിക്കും ഉത്തര വാദിത്വം.
8. ലേല വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന പക്ഷം ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്തുന്നതിനുളള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ലേലം മാറ്റിവെയ്ക്കുന്നതിനോ റദ്ദ്ചെയ്യുന്നതിനോ സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

സൂപ്രണ്ടിനു വേണ്ടി

പകർപ്പ്

1. P & RD-Public Relation Department with covering letter
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3. നോട്ടീസ് ബോർഡ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്/ജില്ലാ മെഡിക്കൽ ഓഫീസ്/പി.എച്ച് ലാബ്/കണ്ണാശുപത്രി, തിരുവനന്തപുരം
4. നേഴ്സിംഗ് സൂപ്രണ്ട്/ സ്റ്റോർ സൂപ്രണ്ട്/എല്ലാ ഡിപ്പാർട്ട്മെന്റ് തല വൻമാർക്കും
5. ഫയൽ/കരുതൽ ഫയൽ